## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.T3184 11-05-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**പണ ഇടപാടുകൾ നടത്താൻ അനുമതിയുള്ള ബാങ്കുകൾ**

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ/ യൂണിവേഴ്സിറ്റികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/കമ്മീഷനുകൾ/മറ്റ് സർക്കാർ നിയന്ത്രണമുള്ള കമ്പനികൾ/ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പണ ഇടപാടുകൾ നടത്താൻ അനുമതിയുള്ള ബാങ്കുകൾ ഏതെല്ലാം; വ്യക്തമാക്കുമോ ; | സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, ഗ്രാന്റ്-ഇൻ-എയ്ഡ് എന്നിവ ട്രഷറികളിൽ തന്നെ നിലനിർത്തണമെന്നും ബാങ്കുകളിൽ നിക്ഷേപിക്കാൻ പാടില്ലായെന്നുമാണ് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ട്രഷറിയേക്കാൾ പലിശ ലഭിക്കുമെങ്കിൽ മാത്രം അവയുടെ തനതു ഫണ്ടുകൾ ദേശസാൽകൃത ബാങ്കുകൾ/ വാണിജ്യ ബാങ്കുകൾ / സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ / സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾക്ക് ഗവൺമെൻറ് ഗ്രാന്റുകളും തനതു ഫണ്ടുകളും കൈകാര്യം ചെയ്യുന്നതിനു സ്വകാര്യ ബാങ്കുകളായ ഐ.സി.ഐ.സി.ഐ., എച്ച്.ഡി.എഫ്.സി, ആക്സിസ് ബാങ്കുകളുടെ സേവനവും ഉപയോഗപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | സംസ്ഥാനത്ത് മേല്പറഞ്ഞ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പ്രോജക്ടുകൾ നടപ്പിലാ ക്കുകയും അത്തരം പ്രോജക്ടുകൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായവും സംസ്ഥാന സഹായവും ആയത് ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്ത കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | ധനകാര്യ പരിശോധനാവിഭാഗത്തിന്റെ പതിവ് പരിശോധനകളിൽ ഇക്കാര്യങ്ങൾ പരിശോധിക്കാറുണ്ട്. 27.03.2014 ലെ സർക്കുലർ നം. 31/2014/ധന. പ്രകാരം വാണിജ്യ ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന സർക്കാർ പണം തിരിച്ച് സർക്കാർ ട്രഷറികളിലേക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബാങ്കിൽ നിലനിർത്താവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ച് നൽകിയിട്ടുമുണ്ട്. |
| (സി) | ഇത്തരത്തിൽ 1990 ജനുവരി മുതൽ നാളിതുവരെയായി നടപ്പിലാക്കിയ പ്രോജക്ടുകൾക്ക് ലഭിച്ച സഹായം എത്ര ; എത്ര ബാങ്കുകളിലാണ് നിക്ഷേപിച്ചത് ; ഓരോ ബാങ്കിലും എത്ര തുക നിക്ഷേപിച്ചു ; എത്ര തുക പിൻവലിച്ചു ; ഓരോ പദ്ധതിയ്ക്കും എത്ര തുക പിൻവലിക്കാതെ ബാങ്കുകളിൽ കിടക്കുന്നു ; ഇതിന് പലിശ ലഭിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കാനുള്ള സംവിധാനമെന്താണ് ; പ്രസ്തുത സംവിധാനം ഉപയോഗിച്ചുള്ള പരിശോധനയുടെ ഫലം വിശദമാക്കുമോ ; | |
| (ഡി) | ഇതിൽ നിർത്തലാക്കിയ പ്രോജക്ടുകളുടെ ബാക്കി തുക ദേശസാൽകൃത ബാങ്കുകളിൽ ഇപ്പോഴും കിടക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | |
| (ഇ) | ഓരോ വകുപ്പിലെയും ഇത്തരം വിവരങ്ങൾ ലഭ്യമാക്കുമോ ; | |
| (എഫ്) | സർക്കാർ തലത്തിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിച്ച് ദേശസാൽകൃത ബാങ്കുകളിൽ കിടക്കുന്ന സംസ്ഥാന സർക്കാരിന് അർഹതപ്പെട്ട പണം തിട്ടപ്പെടുത്തി അതു തിരികെ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ; ദേശസാൽകൃത ബാങ്കുകളിൽ ആകെ എത്ര പണം ഇത്തരത്തിൽ കിടക്കുന്നുണ്ട് ; മറ്റ് ബാങ്കുകളിൽ എത്ര പണം ഉണ്ട് ; വ്യക്തമായ വിവരം ലഭ്യമാക്കുമോ ? | ധനകാര്യ പരിശോധനാ വിഭാഗം തുടർന്നും ഇക്കാര്യങ്ങൾ പരിശോധിച്ച് തുടർ നടപടി കൈക്കൊള്ളുന്നതാണ് |

സെക്ഷൻ ഓഫീസർ